


# ജി.വി.എച്ച്.എസ്.എസ്
# കൊറ്റൻകുളങ്ങര

## ലിറ്റിൽ കൈറ്റ്സ്

# എഴുത്തോല

## ഡിജിറ്റൽ മാഗസിൻ

## സമർപ്പണം

"പ്രതിബന്ധങ്ങൾ കുട്ടികളെ ധീരരാക്കുന്നു"
നിയോമി വൂൾഫ്
അമേരിക്കൻ എഴുത്തുകാരി

ഈ വാക്കുകൾ ശരിക്കും അർത്ഥവത്താക്കിയിരിക്കുന്നു ”ആമസോണിലെ അദ്ഭുത കുട്ടികൾ”. അതിജീവനത്തിന്റെ അസാമാന്യ മാതൃക കാട്ടിയകുഞ്ഞുങ്ങൾ. ഓപ്പറേഷൻ ഹോപ്പ് എന്ന പേരിൽ കൊളംബിയൻ സർക്കാരും സൈന്യവും നടത്തിയ രക്ഷാപ്രവർത്തനങ്ങൾ വലിയ കയ്യടി അർഹിക്കുന്നു.

പ്രിയപ്പെട്ട കുട്ടികളേ നിങ്ങളുടെ അതിജീവനത്തിനും, പുലർത്തിയ മനോധൈര്യത്തിനും പതിനായിരം കാതങ്ങൾക്കിപ്പുറത്തുനിന്ന് ഞങ്ങളും കയ്യടിക്കുന്നു. ഒരിക്കലും ഓർക്കാനിഷ്ടപ്പെടാത്ത’ആനാല്പതുദിനങ്ങൾ തന്ന ശക്തി ഇനിയുള്ള ജീവിതത്തിൽ നിങ്ങൾക്ക് തണലാകട്ടേ. നിങ്ങൾ മുന്നോട്ടു വച്ച പ്രത്യാശ ഞങ്ങൾക്കുംപാഠമാകട്ടേ .
അതിജീവനം എല്ലാവരിലും ഉണ്ട്

ലിറ്റിൽ കൈറ്റ്സ് 22-25 ബാച്ച്

# മുഖമൊഴി

ഇത് വിവര വിനിമയ സാങ്കേതിക വിദ്യയുടെ കാലം... വിരൽത്തുമ്പിൽ അറിവാകാശത്തിന്റെ ജാലകത്തിരശ്ശീലകൾ ഞൊറിഞ്ഞുമാറുന്ന പുത്തൻകാലം. പുതുവിജ്ഞാനത്തിനു കൂട്ടായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ " ലിറ്റിൽ കൈറ്റ്സും." അറിവിന്റ ചക്രവാളങ്ങളിലേക്ക് കുഞ്ഞ്പട്ടങ്ങൾ പറത്തി കുട്ടിക്കൂട്ടം ഉത്സാഹത്തിമിർപ്പിലാണ്.

സ്കൂളിലെ ഡിജിറ്റൽ മാഗസിൻ "എഴുത്തോല" വായനാ ലോകത്തിനുമുന്നിൽ സവിനയം സമർപ്പിക്കുകയാണ്.

ഈ എഴുത്തോലയിലെ ഓരോ ഏടുകളും കുഞ്ഞുമനസ്സുകളുടെ ചിന്തകളാണ്, വികാരങ്ങളാണ്, പ്രതീക്ഷകളാണ്.ഹൃദയപൂർവ്വം സ്വീകരിക്കുമെന്ന പ്രതീക്ഷ പങ്കു വച്ചുകൊണ്ട്

സ്നേഹാദരങ്ങളോടെ

പത്രാധിപ സമിതി

എഴുത്തോല ഡിജിറ്റൽ മാഗസിൻ

## എഡിറ്റോറിയൽ ബോർഡ്

ബിനു. ബി (പ്രഥമാധ്യാപകൻ )

സജീവ് കുമാർ കെ. എൽ (സീനിയർ അസിസ്റ്റന്റ്)

ആർ.ബി. ശൈലേഷ് കുമാർ (മലയാള വിഭാഗം അധ്യാപകൻ)

നടരാജൻ കെ (മലയാള വിഭാഗം അധ്യാപകൻ)

സ്വപ്ന.എൽ (ഐറ്റി.കോർഡിനേറ്റർ)

ജ്യോതിലക്ഷ്മി. വി. (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ )

ജയലക്ഷ്മി.സി.പി (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ)

ഗൗതമി.ജെ (സ്റ്റുഡന്റ് എഡിറ്റർ)

ആദിത്യ ആർ (ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ലീഡർ )

കേശവ് കെ. മനു (ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡെപ്യൂട്ടി ലീഡർ )

# ആശംസ



**മായാദേവി**
**പ്രിൻസിപ്പൽ**

കൊറ്റൻകുളങ്ങര ഗവൺമെന്റ് വൊക്കേഷണൽ
ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ
'ലിറ്റിൽ കൈറ്റ്സ് 'ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ
തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ
സാങ്കേതികവിദ്യയുടെ വിവിധ വശങ്ങളെ കുറിച്ചും
സർഗ്ഗാത്മകത വളർത്തുന്നതിന് ഉതകുന്ന
വേറിട്ട ചിന്തകൾ, ആശയങ്ങൾ, പ്രവർത്തനങ്ങൾ
എന്നിവയാലും സമ്പന്നമാകട്ടെ,
എല്ലാവിധ ആശംസകളും.....

# ആശംസ



**ബിനു. ബി**
ഹെഡ്മാസ്റ്റർ

വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ പുതു തലമുറയുടെ ഗുണപരവും സർഗ്ഗാത്മകവുമായ കഴിവുകൾ രൂപപ്പെടുത്തിയെടുക്കുന്ന ഒരു ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.

നമ്മുടെ സ്കൂളിലെ 2022-2025 ലിറ്റിൽ കൈറ്റ്സ് ബാച്ച് ക്ലബ് അംഗങ്ങളുടെ അത്തരമൊരു ശ്രമത്തിന്റെ ഫലമായി ഉണ്ടായ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

നൂതന സാങ്കേതികവിദ്യയിലൂടെ കുട്ടികളുടേയും അധ്യാപകരുടേയും കഴിവുകൾ ഉയരങ്ങളിലെത്തട്ടെ എന്ന് ആശംസിക്കുന്നു.....

# താളുകൾ മറിയുമ്പോൾ


കൃഷിഭൂമി സ്മാർട്ടാക്കാം, റോബോട്ട് രൂപകൽപ്പനയ്ക്ക് പേറ്റൻറ് ....... 8

കൂട്ടിലെ കുരുവി ........ 9

ആസ്വാദനക്കുറിപ്പ് ........ 10

അമ്മ മലയാളം ........ 11

പൂച്ച വംശം ........ 12

ഇനി ഞാൻ ഉണർന്നിരിക്കാം ........ 13

കവിപരിചയം ........14

Tears (Poem) ........ 14

കമ്പ്യൂട്ടർ - ചില സംക്ഷിപ്ത രൂപങ്ങൾ ........ 15

ലഹരിവഴികൾ ഉപേക്ഷിക്കാം ........ 16

കേരളത്തിൽ നിന്ന് ഭൂപ്രദേശ സൂചികാ അംഗീകാരം ലഭിച്ചവ ...... 17

ആദിത്യനും ചാന്ദ്രയാനും കേരള കടൽത്തീരവും ........ 18

ഉറപ്പാക്കാം കുടിവെള്ളം ........ 19

കൗതുക പരീക്ഷണം ........ 20

ആൾക്കൂട്ടത്തിൽ തനിയെ ........ 21

മൊഴിമുത്തുകൾ........ 22

മാലിന്യമുക്ത കേരളം........ 23

നിറച്ചാർത്ത് ........ 24

ജനറേറ്റീവ് എ. ഐ. - ഭാവിയുടെ വാതായനങ്ങൾ ........ 25

മികവുകൾ ........26-29

നന്ദി ........ 30

# കൃഷിഭൂമി സ്മാർട്ടാക്കാം റോബോട്ട് രൂപകല്പനയ്ക്ക് പേറ്റന്റ്



കൃഷി ലാഭകരമാക്കാൻ കർഷകരെ സഹായിക്കുന്നതിന് റോബോട്ട് രൂപകല്പന ചെയ്ത പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ.സൈനുദ്ദീൻപട്ടാഴിക്ക് കേന്ദ്ര സർക്കാരിന്റെ പേറ്റന്റ് ലഭിച്ചു. സൗരോർജ്ജത്തിലാണ് റോബോട്ട് പ്രവർത്തിക്കുന്നത്.

റോബോട്ടിലെ സെൻസറുകൾ കൃഷിഭൂമി സ്കാൻ ചെയ്ത് മണ്ണിലെ ജലത്തിന്റെ തോത്,പി.എച്ച് ലവൽ, പോഷകങ്ങൾ, വിഷപദാർത്ഥങ്ങൾ എന്നിവ തിട്ടപ്പെടുത്തി കർഷകരെ അറിയിക്കും.കളകളേയും കീടങ്ങളേയും കണ്ടെത്താനും നിർമാർജ്ജനം ചെയ്യാനും ഇതിൽ സംവിധാനമുണ്ട്. ആവശ്യമായ വളങ്ങൾ ഏതെന്ന് അറിയാനും കഴിയും. നിർമ്മിതബുദ്ധിയുടെ സഹായത്തോടെ കാലാവസ്ഥാ മുന്നറിയിപ്പ് നൽകാനും കൃഷിക്കും വിളവെടുപ്പിനും അനുയോജ്യമായ സമയം അറിയിക്കാനും കഴിയും



കൃഷ്ണ
IX-B



# കൂട്ടിലെ കുരുവി

കുഞ്ഞിച്ചിറകുള്ള ഒരു കൊച്ചു കുരുവി ഞാൻ
അടിമയാം ഒരു കൊച്ചു കുരുവി ഞാൻ
സ്വാതന്ത്ര്യമെന്തെന്ന് മറന്നൊരാ-
ബന്ധനസ്ഥനാം കൊച്ചുകുരുവി ഞാൻ

ഓർക്കുന്നു ഞാൻ,അന്ന് ആ മരക്കൊമ്പിൽ
പാറിക്കളിച്ചു നടന്നതും
ആ നീല വാനിൽ ചിറകുവിടർത്തി പറന്നു രസിച്ചതും
ജനനം ആ കാട്ടിലും മരണം ഈ കൂട്ടിലും

ജീവിതം സ്വാതന്ത്ര്യം ഇല്ലാതെ തീരുമോ?
അങ്ങ് ദൂരെ ആ നീല വാനിൽ
പാറിക്കളിക്കുന്നെണ്ടെൻ പ്രിയ കൂട്ടുകാർ
ചിറകൊന്നുയർത്താൻ കഴിയാതെ കേഴുന്നു ഞാൻ

കണ്ണീരിൻ നോവകം നീയറിഞ്ഞില്ല
പിടയുന്ന നെഞ്ചിന്റെ നൊമ്പരം നീയറിഞ്ഞില്ല
ജീവന്റെ താളം നിലയ്ക്കുന്ന നേരത്ത്
ഓർമ്മ തൻ ചിറകിൽ പറക്കട്ടെ ഞാൻ...



അർജ്ജുൻ വി നായർ
6B



# ആസ്വാദനക്കുറിപ്പ്

# തേൻമാവ്
# വൈക്കം മുഹമ്മദ് ബഷീർ

വൈക്കം മുഹമ്മദ്ബഷീറിന്റെ വളരെ പ്രശസ്തവും ജനപ്രിയവുമായ ഒരു ചെറുകഥയാണ് തേൻമാവ്. ലളിതമായ രീതിയിൽ ചിന്തകൾക്കും വിവേകത്തിനും അതിലുപരി ബന്ധങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടാണ് ബഷീർ ഈ ചെറുകഥ രചിച്ചിരിക്കുന്നത്.

റഷീദ് എന്ന ചെറുപ്പക്കാരന്റെ ജീവിതത്തിലുണ്ടായ ഒരു അനുഭവമാണ്ഈ കഥയിൽ പ്രതിപാദിച്ചിരിക്കുന്നത്. അദ്ധ്യാപകനായ റഷീദ് തന്റെ ഓർമ്മയിലൂടെ ആ അനുഭവം എഴുത്തുകാരനോട് ആ മാവിൻചുവട്ടിൽ ഇരുന്ന് പങ്കുവയ്ക്കുകയാണ്. റഷീദ് തന്റെ സഹോദരനായപോലീസ് ഓഫീസറെ കാണാൻ ദൂരെയുള്ള പട്ടണത്തിൽ പോവുകയുണ്ടായി.

കടുത്ത വേനൽ ആയിരുന്നു അന്ന്. റഷീദ് വഴിമദ്ധ്യേ , എൺപതു വയസ്സുള്ള ഒരു വൃദ്ധൻ തളർന്നുകിടക്കുന്നത് കാണുകയും റഷീദിനെ കണ്ട ഉടൻ വെള്ളം ആവശ്യപ്പെടുകയും ചെയ്തു.റഷീദ് അടുത്തുള്ള ഒരു വീട്ടിൽ ചെന്ന് വെള്ളം ചോദിച്ചു.ആ വീട്ടിലെ അസ്മ എന്നു പേരുള്ള സ്ത്രീ വെള്ളവുമായി റഷീദിനൊപ്പം കൂടെ ചെല്ലുകയും ആ വൃദ്ധന് വെള്ളം നൽകുകയും ചെയ്തു.

വൃദ്ധന്റെ പേര് യൂസുഫ് സിദ്ദിഖ് എന്നാണ്. അയാളാകട്ടേ അനാഥനമാണ്.അയാൾ ഗ്ളാസിലെ വെള്ളം പകുതി കുടിച്ചിട്ട് ബാക്കി തൊട്ടടുത്ത് നിന്നിരുന്ന മാവിൻ തൈയ്ക്ക് നൽകുകയും തുടർന്ന് വൃദ്ധൻ മരണപ്പെടുകയും ചെയ്തു.

മാവിൻ തൈയ്ക്ക് അസ്മ നല്ല സംരക്ഷണം നല്കി. പിന്നിട് റഷീദും അസ്മയും വിവാഹിതരായി ആ മാവ് വളരുകയും തേൻ പോലെയുള്ള മാമ്പഴം ഉണ്ടാവുകയുംചെയ്തു.അവരുടെ മകൻ പാത്രത്തിൽ മാമ്പഴം ബഷീറിന് നൽകി. ആ കുട്ടിയുടെ പേര് യൂസഫ് സിദ്ദിഖ് എന്നാണ്. ഈ കഥയിൽ ബഷീറിന്റെ മനസ്സിൽ മാമ്പഴത്തേക്കാൾ മധുരം തരുന്ന ജീവിത യാഥാർത്ഥ്യ ത്തിന്റെയും സ്നേഹത്തിന്റേയും ഓർമ്മകൾ മാത്രമാണ്.



അമാന ഫാത്തിമ
VIII-D

# അമ്മ മലയാളം

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന
പിഞ്ചിളം
ചുണ്ടിൻമേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്"

അമ്മയോടൊപ്പം കുഞ്ഞ് സ്വന്തമാക്കുന്ന മഹത്തായ സമ്പത്താണ് മാതൃഭാഷ.ഒരു കുഞ്ഞ് ജനിച്ചു വീഴുന്നതു മുതൽ പലതും പഠിച്ചു തുടങ്ങുന്നു. മാതൃഭാഷയാണ് ഏതൊരാളും ആദ്യം വശമാക്കുന്ന ഭാഷ. നമ്മുടെ മാതൃഭാഷ മലയാളമാണ്.ഒരാൾക്ക് എത്ര തന്നെ ഭാഷ അറിയാമെങ്കിലും തന്റെ ഹൃദയ വികാരങ്ങൾ പ്രകടിപ്പിക്കാൻ മാതൃഭാഷ പോലെ ശക്തമായ ഭാഷ വേറേയില്ല.

മാതൃഭാഷ എന്നാൽ മാതാവിന്റെ ഭാഷ എന്നല്ല സ്വന്തം ഭാഷയെ മാതാവായി കണ്ട് സ്നേഹിക്കുന്നതു കൊണ്ടാണ് മാതൃഭാഷ എന്നറിയപ്പെടുന്നത്. ഒരാളുടെ മാതൃഭാഷ അയാളുടെ ജീവിത പരിസരവുമായി ബന്ധപ്പെട്ടതാണ്. ചിരിക്കുവാനും, ചിന്തിപ്പിക്കുവാനും ആശ്വസിപ്പിക്കുവാനും ആശയവിനിമയം നടത്തുവാനും ഏറ്റവും യോജിച്ച ഭാഷ മാതൃഭാഷയാണ്.

കലാപരമായ വാസനകൾ, സാഹിത്യപരമായ കഴിവുകൾ, ആസ്വാദന ശേഷി, സഹൃദയത്വം തുടങ്ങിയവ വളരുവാൻ മലയാള ഭാഷയിലൂടെയുള്ള പഠനം നമുക്ക് അത്യാവശ്യമാണ്. മാതൃഭാഷ ഒരു നാടിന്റെ സംസ്കാരത്തിന്റെ അടിത്തറയാണ്. മാതൃഭാഷയെ അവഗണിക്കുമ്പോൾ നമ്മുടെ സംസ്കാരത്തെ തന്നെയാണ് നമ്മൾ മറന്നുകളയുന്നത്. മലയാളത്തിൽ നിന്ന് അകലുമ്പോൾ പിറന്ന നമ്മുടെ മണ്ണിൽനിന്നകന്ന്,വേരുകൾ നഷ്ടപ്പെട്ട്,നാം എന്താണ് എന്നുള്ള തിരിച്ചറിവ് നമുക്ക് നഷ്ടമാകുന്നു.



2013 മേയ്23ൽ മലയാളഭാഷയെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചു കഴിഞ്ഞിട്ടും മലയാളികളുടെ പൊങ്ങച്ചമാണ് മാതൃഭാഷയിൽ നിന്നും അകറ്റുന്നത്. നിരന്തരമായ പരിശീലനം കൊണ്ട് ഏതുഭാഷയിലും നമുക്ക് നൈപുണ്യം നേടാൻ കഴിയും. മലയാളം അറിയില്ല എന്നുപറയുന്നതാക്കി തീർക്കരുത് നമ്മുടെ സംസ്കാരം. മലയാളം നന്നായി അറിയാം എന്നു പറയുന്നതാകണം നമ്മുടെ അഭിമാനം.



വൈഷ്ണവി. വി
STD-IXD

# പൂച്ചവംശം

കണ്ണാടിയിൽ നോക്കി വരച്ച തന്റെ ചിത്രം കണ്ട സുന്ദരി പൂച്ച ഞെട്ടി. ഗർർ..........എന്ന ശബ്ദം കേട്ടിട്ട് സുന്ദരി പേടിച്ച് ഓടി. 'നിൽക്കവിടെ'. സുന്ദരി വരച്ച ചിത്രത്തിൽ നിന്ന് ശബ്ദം കേട്ടു. സുന്ദരി നോക്കിയപ്പോൾ ചിത്രത്തിൽ നിന്ന് ഒരു കടുവ ഇറങ്ങി വരുന്നു. പേടിക്കണ്ട, നിന്നെ ഞാൻ ഒന്നും ചെയ്യില്ല. എന്റെ വംശത്തിലെ ഒരു ചെറിയ ജീവിയാണ് നീ. കടുവയുടെ വാക്കുകൾ കേട്ട സുന്ദരിക്ക് സമാധാനമായി.

അതാണോ എന്നെ നോക്കി വരച്ച ചിത്രത്തിന് കടുവാച്ചാരുടെ രൂപമായത്. സുന്ദരിയുടെ സംശയം കേട്ട കടുവ ചിരിച്ചുകൊണ്ട് തലയാട്ടി. എന്നിട്ട് ചിത്രത്തിലേക്ക് കയറിപ്പോയി. സ്വപ്നം കണ്ട് ഞെട്ടിയുണർന്ന സുന്ദരിക്ക് തന്നെക്കുറിച്ചോർത്ത് അഭിമാനം തോന്നി.





വിശ്ലേഷ് ആർ.ജിത്ത്
IA

# ഇനി ഞാൻ ഉണർന്നിരിക്കാം

സ്കൂൾ വിട്ട് വീട്ടിലെത്തിയാലുടൻ ദേവൂട്ടിയുടെ ലോകം മൊബൈൽ ഫോണിലാണ്. തന്റെ ഭക്ഷണ കാര്യമോ, പഠിത്തമോ ഒന്നും അവൾ ശ്രദ്ധിക്കാറില്ല. സഹോദരങ്ങളില്ലാത്ത ഒരു കുട്ടിയാണ് ദേവു. കോവിഡ് കാലത്ത് പുറത്തെങ്ങും ഇറങ്ങാൻ പറ്റാത്ത സാഹചര്യത്തിൽ അവൾക്ക് കിട്ടിയ ചങ്ങാതി ആണ് മൊബൈൽ.

അന്ന് അച്ഛനും അമ്മയും അവളെ ശകാരിച്ചിട്ടില്ല. പക്ഷേ ഇന്ന് തന്റെ മകളെ എങ്ങനെയെങ്കിലും അതിൽ നിന്ന് അകറ്റാൻ അവർ പാടുപെടുന്നു. ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയാണ് അവൾ. കോവിഡ് കാലത്തിന് മുൻപ് പഠിക്കാൻ നല്ല മിടുക്കി ആയിരിന്നു. നിരവധി കൂട്ടുകാരും ഉള്ളവൾ ആയിരുന്നു.പക്ഷേ ഇപ്പോൾ എങ്ങനെയെങ്കിലും വീട്ടിൽ എത്തിയാൽ മതിയെന്നായി.


അച്ഛനെ പേടിച്ച് എന്തെങ്കിലും പഠിച്ചെന്നായി സാരം. നിരവധി ഗെയിമുകളാണ് ആ വിരുതൻ ഫോണിൽ ഉള്ളത്. തന്റെ അമ്മയുടെ വാക്കിന് അവൾ പുല്ലുവിലപോലും കല്പിക്കുന്നില്ല. സുഹൃത് ബന്ധങ്ങളോ, വീട്ടുകാരുമായുള്ള ആത്മബന്ധങ്ങളോ അവളിൽനിന്ന് തുള്ളിയായി ഇറ്റുവീഴാൻ തുടങ്ങി. ആ തുള്ളി പെരുവെള്ളമാകാതിരിക്കാൻ അവളുടെ അദ്ധ്യാപകരും മാതാപിതാക്കളും ചേർന്നു നിന്നു. ഇടവേള സമയങ്ങളിൽ ക്ളാസ് ടീച്ചർ അവളുടെ കൂടെ നടന്നു, സംസാരിച്ചു. നല്ല കൂട്ടുകാരുമായി കൂട്ടുകൂടാൻ നിർദ്ദേശം നൽകി. അപ്പോഴാണ് ടീച്ചറിന് ഒരു കാര്യം മനസ്സിലായത് സഹോദരങ്ങളില്ലാത്ത വിഷമം ആ കുഞ്ഞുമനസ്സിനെ നന്നായി അലട്ടുന്നു എന്ന്. കോവിഡ് സമയത്ത് തികച്ചും ഒറ്റപ്പെട്ട ആ കുഞ്ഞു മനസ്സിന് അന്ന് ആശ്രയമായത് മൊബൈൽ ഫോണായിരുന്നു.

വല്ല്യ പരീക്ഷ കഴിഞ്ഞ് എട്ടാം ക്ളാസിലെത്തിയ അവള് 'ലിറ്റിൽകൈറ്റ്സ് ക്ലബ്" അംഗമായി. കംമ്പ്യൂട്ടറുമായുള്ള ചങ്ങാത്തം അവളെ ക്രമേണ മൊബൈൽ ഫോണിൽ നിന്നകറ്റി. ലിറ്റിൽ കൈറ്റ്സിലെ അനിമേഷനും പ്രോഗ്രാമിംഗും മൊബൈൽ ഫോണിനേക്കാൾ അവൾക്ക് പ്രിയപ്പെട്ടവരായി.



ശ്രീനന്ദ ബി .എസ്
VIII.B

## കവി പരിചയം
## സച്ചിദാനന്ദൻ



ലോക കവിതയുടെ പുതുധാരകൾ മലയാള കവിതയിൽ സമന്വയിപ്പിച്ച കവികളിൽ പ്രമുഖനാണ് സച്ചിദാനന്ദൻ. നിരൂപകൻ, വിവർത്തകൻ എന്നീ നിലകളിലും പ്രസിദ്ധൻ. 1946ൽ കൊടുങ്ങല്ലൂരിൽ ജനിച്ചു. കേന്ദ്ര -കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

എഴുത്തച്ഛനെഴുതുമ്പോൾ, സച്ചിദാനന്ദന്റെ കവിതകൾ, ദേശാടനം, ഇവനെക്കൂടി, കയറ്റം, അപൂർണ്ണം, വിക്ക്, മറന്നുവച്ച വസ്തുക്കൾ, വീടുമാറ്റം, മലയാളം, കവിബുദ്ധൻ, സംഭാഷണത്തിനൊരു ശ്രമം, അഞ്ചു സൂര്യൻ, പീഡനകാലം, വേനൽ മഴ മുതലായ കവിതാസമാഹാരങ്ങൾ, കുരുക്ഷേത്രം, സംവാദങ്ങൾ സമീപനങ്ങൾ, സൗന്ദര്യവും അധികാരവും തുടങ്ങിയ ലേഖന സമാഹാരങ്ങളും രചിച്ചിട്ടുണ്ട്.



അശ്വനികൃഷ്ണ
8D

# TEARS

THE CLOUDS ARE CRYING
THE CHILDREN ARE HAPPY
THE TEARS ARE NOURISHING THE NATURE
THE TEARS BRING HAPPINESS TO THE CHILDREN
THE TEARS WETS THE PLANTS,THE ANIMALS,
THE CHILDREN AND EVERY THING
ME AS THE CLOUD
MY TEARS AS THE RAIN
THE CLOUDS SHOW THEIR HAPPINESS-
AFTER SWEEPING OUT
THEIR TEARS WITH
THE MOST BEAUTIFUL RAINBOW





Kalyani B Krishnan
8C

# കംപ്യൂട്ടർ-ചില സംക്ഷിപ്ത രൂപങ്ങൾ

AI-ആർട്ടിഫിഷ്യൽ ഇന്റലിജൻസ്
ALU-അരിത് മെറ്റിക് ആന്റ് ലോജിക് യൂണിറ്റ്
ALGOL-അൽഗൊരിതമാറ്റിക്ക് ലാൻഗ്വേജ്
RAM-റാൻഡം ആകസസ് മെമ്മറി
PC-പേഴ്സനൽ കംപ്യൂട്ടർ
CPU-സെന്ട്രൽ  പ്രോസസ്സിംഗ് യൂണിറ്റ്
CU-കൺട്രോൾ യൂണിറ്റ്
WS-വർക്ക് സ്റ്റേഷൻ



പാർവ്വതി എം എസ്സ്
VIII-C

# ലഹരി വഴികൾ ഉപേക്ഷിക്കാം

ഒരു ദിവസമെങ്കിലും ഇന്ത്യ മഹാരാജ്യം ഭരിക്കാൻ എനിക്കവസരം ലഭിച്ചാൽ ഞാൻ ആദ്യം ചെയ്യുന്നതു രാജ്യത്തെ എല്ലാ മദ്യശാലകളും അടച്ചുപൂട്ടാൻ ഉത്തരവിടുകയായിരിക്കും. രാഷ്ട്രപിതാവ് മഹാത്മജിയുടെ വാക്കുകളാണിത്. മദ്യത്തിനും മയക്കുമരുന്നിനും കീഴടങ്ങിയ ഒരു ജനസമൂഹത്തിനു രാജ്യത്തെ പുരോഗതിയിലേക്കു നയിക്കാൻ കഴിയില്ലെന്ന് ആക്രാന്തദർശിക്ക് അറിയാമായിരുന്നു. മദ്യം,പുകയില,മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ മനുഷ്യരുടെ ശരീരത്തിൻ്റെയും മനസ്സിൻ്റെയും ആരോഗ്യത്തെ ഒരു പോലെ തകർക്കുന്ന വിഷവസ്തുക്കളാണ് .ഇന്നു വ്യാപകമാകുന്ന റോഡപകടങ്ങളുടെയും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളുടെയുമൊക്കെ പിന്നിൽ ഈ ലഹരിവസ്തുക്കളുടെ നിശ്ശബ്ദ സാന്നിധ്യമുണ്ട്. മദ്യപാനവും പുകവലിയും അടക്കമുള്ള ലഹരി ശീലങ്ങൽ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നതു കുട്ടികളെയാണ്.ഒരിക്കൽ ഉപയോഗിച്ചു തുടങ്ങിയാൽ ഇവയിൽ നിന്നു മോചനം നേടുന്നത് എളുപ്പമല്ല. അതുകൊണ്ടു നമ്മുടെ ആരോഗ്യത്തെ കാർന്നു തിന്നുന്ന ഈ ദുശ്ശീലങ്ങളിൽ നിന്നു വഴി മാറി നടക്കാൻ കുട്ടികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.



ആദികൃഷ്ണൻ.എ
9C






ചിത്രം വരച്ചത് ഹരീഷ്
9C

# കേരളത്തിൽ നിന്ന് ഭൂപ്രദേശ സൂചികാ അംഗീകാരം ലഭിച്ച പ്രധാന ഇനങ്ങൾ




ഭവിത്.ബി.അനിൽ
IX D

പാലക്കാടൻ മട്ടയരി
മലബാർ കുരുമുളക്
ആലപ്പുഴ പച്ച ഏലം
പൊക്കാളി അരി
വാഴക്കുളം കൈതച്ചക്ക
പതിയൻ ശർക്കര
ജീരകശാല അരി
ഗന്ധകശാല അരി
ഞവര അരി
ആറൻമുള കണ്ണാടി
ആലപ്പുഴ കയർ



# ആദിത്യനും ചാന്ദ്രയാനും കേരള കടൽത്തീരവും



ബഹിരാകാശരംഗത്തെ അഭിമാനകരമായ വാർത്തകളാണ് കുറച്ചുദിവസങ്ങളായി നാം കേട്ടുകൊണ്ടിരിക്കുന്നത് ചന്ദ്രോപരിതലം സ്പർശിച്ച ചാന്ദ്രയാൻ-3 യും സൂര്യനെക്കുറിച്ച് കൂടുതലറിയാൻ പുറപ്പെട്ട ആദിത്യ-എൽ 1ഉം ഇന്ത്യൻ ശാസ്ത്രസാങ്കേതിക മികവിനെ ലോകത്തിന്റെ നെറുകയിൽ എത്തിച്ചിരിക്കുന്നു. നമ്മുടെ കൊച്ചു കടൽത്തീരത്തെ മണൽത്തരികൾക്ക് ഈ അഭിമാന പേടകങ്ങളുടെയെല്ലാം നിർമ്മാണത്തിൽ അനിഷേധ്യമായ പങ്കുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം.കൂടാതെ ചാന്ദ്രയാൻ ദൗത്യത്തിൽ കയ്യൊപ്പ് പതിപ്പിച്ച് നമ്മുടെ സ്വന്തം ചവറയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനമായ കെ.എം.എം.എൽ. ഇവിടെ ഉത്പ്പാദിപ്പിച്ച ടൈറ്റാനിയം സ്പോഞ്ച് മെറ്റൽ കൊണ്ടുണ്ടാക്കിയ ലോഹക്കൂട്ട് ഉപയോഗിച്ചാണ് ചാന്ദ്രയാൻ ബഹിരാകാശപേടകത്തിലെ മർമ്മപ്രധാന ഭാഗങ്ങൾ നിർമ്മിച്ചത്.അങ്ങനെ ചാന്ദ്രയാൻ-3 ദൗത്യത്തിൽ ചവറയുടെ കയ്യൊപ്പും ചാർത്താൻ കഴിഞ്ഞതിൽ പ്രദേശവാസികളായ നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാം.



ഹരീഷ്
9C

# ഉറപ്പാക്കാം കുടിവെള്ളം

ചരിവുള്ള സ്ഥലങ്ങളിൽ തട്ടുതിരിക്കാം
ജൈവ വേലി നിർമ്മിക്കാം
തീർക്കാം ചാലുകളും ബണ്ടുകളും
ജലസംരക്ഷണത്തിന് ആവരണ വിളകളും

**മാർച്ച് 22**
**ലോക ജലദിനം**







സംറ ഫിറോസ്
VIII-C

# കൗതുക പരീക്ഷണം



ഒരു മെഴുക് തിരിയും ഒരു തൂവലും ഉപയോഗിച്ച് നമുക്ക് ഒരു മഴവില്ല് ഉണ്ടാക്കാം.

മേശപ്പുറത്ത് ഒരു മെഴുകു തിരി കത്തിച്ചു വയ്ക്കുക. ഇനി ഒരു തൂവൽ കയ്യിലെടുത്ത് മെഴുകുതിരിയുടെ നേരേ നീട്ടിപ്പിടിക്കണം. തൂവലിന്റെ നാരുകൾക്കിടയിലൂടെ മെഴുകുതിരിയെ സൂക്ഷിച്ചു നോക്കുക. അല്പ സമയത്തിനുള്ളിൽ മഴവില്ലിൽ നിറങ്ങൾ പ്രത്യക്ഷപ്പെടുന്നതു കാണാം.



സാവിയോ സ്റ്റാൻസിലിൻ
9C

# ആൾക്കൂട്ടത്തിൽ തനിയെ

ഗ്രഹങ്ങളിൽ ഒരുവളാണ് ഭൂമി.....
അവളിൽ വ്യത്യസ്തവും അവൾ തന്നെ
മനുഷ്യരാശിക്ക് ജീവൻ ചൊരിഞ്ഞ്
അവർക്കായ് ഓരോന്നും വർഷിച്ചുകൊണ്ട്
അവൾ വ്യത്യസ്തയാകുന്നു

ഇനൻ പൊഴിക്കുന്ന സ്വർണ്ണരശ്മികൾ
അവളെ ഇരുട്ടിൽ നിന്നും അകറ്റുന്നു
മാനത്തു നിന്ന് അവളുടെ ഒറ്റപ്പെടലിന്റെ കരച്ചിൽ
രത്നങ്ങളായി താഴേക്കു പതിക്കുന്നു.

അവളുടെ ഇടറുന്ന നാദം ഇടിമിന്നലായി മാറുന്നു
അവ ഒപ്പിയെടുത്തു കൊണ്ട് മണ്ണും ചെടികളും
അവളിൽ സമാധാന പ്രഭ ചൊരിയുന്നു
ഭൂമിതൻ ആശ്വാസം ഒരു മഴവില്ലായ് ആകാശത്ത് തെളിയുന്നു
തവ മാനവഹൃദയം സന്തോഷത്താൽ തുടിക്കുന്നു
ഏവരിലും വ്യത്യസ്തയായ അവൾ പ്രകൃതിഭംഗികൾ ചൂടി
അനശ്വരയായി നിലകൊള്ളുന്നു



ആദിത്യ പി
XB

# മൊഴിമുത്തുകൾ

അവനവൻ ആരാണെന്ന്
തിരിച്ചറിയുക,
അതായിരിക്കുക:
ഓർമ്മയിരിക്കട്ടെ ഈ ലോകത്തിൽ
നിങ്ങളെപ്പോലെ ഇനിയൊരാളില്ല.

വെല്ലുവിളികൾ ഏറ്റെടുക്കാൻ
ധൈര്യം കാണിക്കുന്ന വ്യക്തിയാണ്
ഏറ്റവും അധിക ദൂരം സഞ്ചരിക്കുക
പരിചയമുള്ള വെള്ളത്തിൽ മാത്രം
സഞ്ചരിക്കുന്ന തോണി കരയിൽ നിന്ന്
ഏറെ ദൂരം പോവുകയില്ല

അവനവന്റെ പ്രയാസങ്ങളെയല്ല,
സൗഭാഗ്യങ്ങളെയാണ്
എണ്ണേണ്ടത്.

ഉത്സാഹത്തോടുകൂടി
എന്ന പോലെ പ്രവർത്തിക്കു,
അപ്പോൾ താനേ ഉത്സാഹം വന്നു
ചേർന്നുകൊള്ളും.

ചെയ്യാൻ ഭയം തോന്നുന്ന
കാര്യങ്ങൾ ചെയ്യണം,
ചെയ്തു കൊണ്ടേയിരിക്കണം.
ഭയത്തെ കീഴടക്കാനുള്ള ഏറ്റവും ദൃഢവും
എളുപ്പവുമായ മാർഗ്ഗം അതാണ്

ചെയ്യുന്ന ജോലി ഏറ്റവും
നന്നായി ചെയ്യുക. തുടർന്ന് ഒരു കുട
നിവർത്തിപ്പിടിച്ചു നിൽക്കാം.
വിമർശനത്തിന്റെ പെരുമഴ നമ്മുടെ ശരീരം
നനയ്ക്കാതെ കുടയിൽ വീണ് താഴേക്ക്
ഒഴുകിപ്പോകട്ടേ

ആളുകൾ എപ്പോഴും അവരുടെ
ബാധ്യതകളെപ്പറ്റി ഓർത്ത് വേവലാതിപ്പെടുന്നു.
എന്നാൽ കൈവശമുള്ള മുതലിനെപ്പറ്റി ഒന്നോർത്തു
നോക്കു.... എല്ലാ വേവലാതികളും താനേ നിന്നോളും.

**ഡേൽ കാർണഗി**



നിരഞ്ജന. ആർ
9B

# മാലിന്യ മുക്ത കേരളം





ശുചീത്വമുള്ളയിടത്തെ ആരോഗ്യമുള്ളൂ.
ആരോഗ്യത്തിനായി വ്യക്തിയിലും സമൂഹത്തിലും ശുചിത്വത്തിന്റെ പ്രാധാന്യം വലുതാണ്.
നല്ല ആരോഗ്യത്തിനു ശുചിത്വം അത്യാവശ്യമാണ്. ആരോഗ്യ കാര്യങ്ങളിൽ നാം വളരെയേറെ ശ്രദ്ധിക്കുന്നുണ്ടെങ്കിലും ശുചിത്വകാര്യത്തിൽ നാം ഏറെ പിറകിലാണ്. വ്യക്തിശുചിത്വത്തിൽ ഏറെ പ്രാധാന്യം കല്പിക്കുന്ന നാം പരിസര ശുചിത്വവും പൊതുശുചിത്വത്തിനും വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല. നമ്മുടെ പ്രവർത്തി കൊണ്ടു തന്നെയാണ് പരിസരം മലിനമാകുന്നത്. സ്വന്തം വീട്ടിലെ മാലിന്യം അയൽക്കാരന്റെ പറമ്പിലേക്കോ വഴിവാക്കിലേക്കോ കൊണ്ട് തള്ളുന്നു. അഴുക്കു ജലം രഹസ്യമായി ഓടയിലേക്ക് ഒഴിക്കുന്ന കാഴ്ച നാട്ടിൻപുറത്തു പോലും കാണാം.

വ്യക്തി ശുചിത്വം, ഗൃഹ ശുചിത്വം, പരിസര ശുചിത്വം, സാമൂഹ്യ ശുചിത്വം എന്നിവ പാലിച്ചാൽ മാത്രമേ മാലിന്യ മുക്ത കേരളം യഥാർഥ്യമാകൂ.
ഇന്ന് എവിടെ നോക്കിയാലും പ്ലാസ്റ്റിക് മാലിന്യം കൊണ്ടു നമ്മുടെ പരിസരം നിറഞ്ഞിരിക്കുന്നു.

**"ആരോഗ്യമുള്ള ജീവിതം വ്യക്തി,
പരിസര ശുചീത്വത്തിൽ കൂടെ "
എന്നതാകട്ടെ നമ്മുടെ മുദ്രാവാക്യം.**



ആദിത്യ . വി
9 B











# നിറച്ചാർത്ത്
# കൊച്ചു കൂട്ടുകാർ വരച്ച ചിത്രങ്ങൾ












# ജനറേറ്റിവ് എ.ഐ ഭാവിയുടെ വാതായനങ്ങൾ




ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ടെക്സ്റ്റ്, 3D മോഡലുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഡേറ്റ സൃഷ്ടിക്കാൻ കഴിയുന്ന ഒരു തരം ആർട്ടിഫിഷ്യൽ ഇന്റലിജൻസാണ് ജനറേറ്റീവ് എ.ഐ. ബോധപൂർവ്വം പരിശീലിപ്പിക്കപ്പെട്ട ഡേറ്റയെ ചില അൽഗോരിതങ്ങൾ വച്ച് നിയതമായ പാറ്റേണുകളാക്കുകയും ആ പാറ്റേണുകളുടെ അടിസ്ഥാനത്തിൽ പുതിയ വിജ്ഞാനം ജനറേറ്റ് ചെയ്യുകയുമാണ് എ.ഐ ചെയ്യുന്നത്. വിദ്യാഭ്യാസ രംഗത്ത് ജനറേറ്റീവ് എ.ഐ യുടെ സാധ്യതകൾ വളരെ വലുതാണ്.അതുപോലെ വെല്ലുവിളികളും

കേശവ് .കെ .മന
IX .C



# മികവുകൾ

## LITTLE KITES


## SPC




## NCC




## JRC



# TINKERING LAB












# മേളകളിലൂടെ........................

























# അഭിമാനപൂർവ്വം..........................



ഷറർ ബി.എസ്. ശിവകുമാ ശനം സൗജന്യമാണ്. എക്സ പ്രദീപൻ എന്നിവർ സംസാരിച്ചു.

ാ ഉപജില്ല ശാസ്ത്രമേളയിൽ ഏറ്റവും കൂടുതൽ പോയന്റ് നേടിയ കൊറ്റംകുളങ്ങര
ച്ച്.എസ്.എസിന് കോവൂർ കുഞ്ഞുമോൻ എം.എൽ.എ സമ്മാനങ്ങൾ വിതരണം ചെയ്യുന്നു

## വറ ഉപജില്ല ശാസ്ത്രമേളയിൽ കാറ്റംകുളങ്ങര വി.എച്ച്.എസ്.എസ് ഒന്നാമത്

നാഗപ്പള്ളി: മിലാദി ഷെരീഫ് ർ സെക്കൻഡറി സ്കൂളിൽ ന ചവറ ഉപജില്ല ശാസ്ത്രമേളയി കാറ്റംകുളങ്ങര വി.എച്ച്.എ എസ് ഒന്നാമത്. ശാസ്ത്ര, ഗണി ാസ്ത്ര, സാമൂഹികശാസ്ത്ര, പ്രവൃ പരിചയ, ഐ.ടി മേളയിൽ എ ി, യു.പി, എച്ച്.എസ്, എച്ച്.എ എസ് വിഭാഗങ്ങളിൽ കൊറ്റം ങ്ങര സ്കൂൾ 730 പോയന്റുകൾ സ്വമാക്കി. 69 സ്കൂളുകളിൽ നി ന്നായി 3000ൽപരം കുട്ടികളാണ് മേളയിൽ പങ്കെടുത്തത്.


സമാപന സമ്മേളനം കോവൂർ കുഞ്ഞുമോൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

മൈനാഗപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് പി.എം. സെയ്ദ് അധ്യക്ഷത വഹിച്ചു.

ജില്ല പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അനിൽ എസ്. കല്ലേലിഭാഗം മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അൻസർ ഷാഫി, വൈ. ഷാജഹാൻ, സേതുലക്ഷ്മി, രാജി രാമചന്ദ്രൻ, ഷിജിന നൗഫൽ, റാഫിയാ നവാസ്, ഐ. സൈഫുദ്ദീൻ, പി. സജി, ഐ. ഷാനവാസ്, സി.എസ്. ലത, സജീവ് കുമാർ, എബി ജോൺ, അബ്ദുൽ സലാം, എബി പാപ്പച്ചൻ, കല്ലട ഗിരീഷ്, ടി.എ ഹസൻ, റഷീദ് എന്നിവർ സംസാരിച്ചു.








കേരളകൗമുദി

Kollam 10 Sep 2023

റാഞ്ചിയിൽ (ജാർഖണ്ഡ്) നടന്ന നാഷണൽ കിക്ക്ബോക്സിംഗ് (ജൂനിയർ) ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടിയ വി.എസ്. അഭിഷേക്. ചവറ ജി.വി.എച്ച്.എസ്.എസിലെ 9ാം ക്ലാസ് വിദ്യാർത്ഥിയും സീനിയർ എസ്.പി.സി കേഡറ്റുമാണ്

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Kollam

# നന്ദി

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകം
വിവര വിനിമയ സാങ്കേതിക വിദ്യയുടെ
അനന്ത സാധ്യതകൾ വഴി
വിരൽത്തുമ്പിലൂടെ നമ്മളിലേക്ക് എത്തികൊണ്ടിരിക്കുന്നു.
നമ്മുടെ ദൈനംദിന ജീവിതവും ഈ ഗുണഫലങ്ങൾ
അനുഭവിച്ചറിയുകയാണ്. ഇത്തരം സൗഭാഗ്യങ്ങൾ
അനുഭവവേദ്യമാക്കിക്കൊണ്ടിരിക്കുന്ന ഞങ്ങൾ,
ഡിജിറ്റൽ താളുകളിലേക്ക് പകർത്തിയ
ഞങ്ങളുടെ ഇളം മനസുകളുടെ സർഗ്ഗാത്മകതയ്ക്ക്
എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകി
ഒപ്പം നിന്ന എല്ലാ സുമനസ്സുകൾക്കും
ഏറെ സ്നേഹത്തോടെ...
നിറഞ്ഞ ആദരവോടെ...
നന്ദി അർപ്പിക്കുന്നു......
നന്ദി...